(ബി) ഉണ്ട്.

(സി) കൂടുതൽ ശോച്യാവസ്ഥയിലുള്ള റോഡുകൾ മുൻഗണനാക്രമത്തിൽ ടാസ്ക് ഫോഴ്സ് കമ്മിറ്റിയിൽ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ചേലക്കര നിയോജക മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

42 [1452] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ 2003-2004 വർഷം വിവിധ റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും അതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ;

(ബി) 2003-2004-ൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നതും എന്നാൽ യാതൊരു നിർമ്മാണ പ്രവർത്തനങ്ങൾ നടത്താത്തതുമായ റോഡുകൾ ഉണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) 2004-2005 വർഷത്തിൽ ഈ മണ്ഡലത്തിൽ ഏതൊക്കെല്ലാം റോഡുകൾക്ക് തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഓർഡിനറി റിപ്പയേഴ്സ് റിന്യൂവൽ പ്രോഗ്രാം, സ്പെഷ്യൽ റിപ്പയേഴ്സ്, ഫ്ളഡ് ഡാമേജ് എന്നീ ഹെഡ്ഡുകളിൽ വിവിധ റോഡുകളുടെ പുനരുദ്ധാരണത്തിനായി 87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ഉണ്ട്. ഭരണാനുമതി ഇല്ലാതിരുന്നതുമൂലം താഴെപ്പറയുന്ന റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ല.

(1) ചേലക്കര-ഇളനാട് റോഡിന്റെ ബാക്കി പണികൾ

(2) പാമ്പാടി റോഡ്

(3) പഴമ്പാലക്കോട് റോഡ്

(4) ചേലക്കര ബൈപാസ്

(5) മുള്ളൂർക്കര-വരവൂർ റോഡ്

(ഡി) പഴയന്നൂർ റോഡ് കി. മീ. 10 മുതൽ 22 വരെ 1 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly